**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **17-09-2025 - ൽ മറുപടിയ്ക്ക്**

**കടമ്പഴിപ്പുറത്ത് ഒരു പുതിയ 33 KV സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് ഒരു പുതിയ 33 KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള 0.0967 ഹെക്ടർ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണുള്ളതെന്നും എന്ന് മുതലാണെന്നും വ്യക്താമാക്കുമോ ; | (എ) | പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ കൈവശമുള്ള 0.0967 ഹെക്ടർ ഭൂമി പ്രതിവർഷം 1,27,644/- രൂപ നിരക്കിൽ പാട്ടത്തിന് എടുക്കുന്നതിന് 31.07.2025 -ൽ സർക്കാർ ഉത്തരവ് നൽകിയിരുന്നു.<br><br>ഈ ഉത്തരവിന്മേലുള്ള തുടർ നടപടികൾ ഉദ്യോഗസ്ഥ ക്രമപ്രകാരം നടത്തി, ബോർഡിന്റെ അനുമതിക്കായി 03.09.2025-ൽ കെ.എസ്.ഇ.ബി.എൽ പ്രസരണ വിഭാഗം ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിക്കുകയും, തുടർന്ന് പ്രസ്തുത ഫയലിന്മേൽ സാമ്പത്തിക ഉപദേഷ്ടാവിന്റെ നിർദേശങ്ങൾ ലഭ്യമാക്കി ബോർഡ് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നതായി കെ. എസ്. ഇ. ബി അറിയിച്ചിട്ടുണ്ട്. ബോർഡ് ഉത്തരവ് ആയതിനു ശേഷം ഇക്കാര്യത്തിലുള്ള തുടർ നടപടികൾ പാലക്കാട് ജില്ലാ കളക്ടർ ആണ് സ്വീകരിക്കേണ്ടത്. |
| (ബി) | സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഈ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സാങ്കേതിക പഠനം നടത്തിയിട്ടുണ്ട്. Detailed Project Report (DPR) തയ്യാറാക്കി വരുന്നു. DPR-ന് അനുസൃതമായി സബ്സ്റ്റേഷന് നിർമ്മാണ അനുമതി ലഭിക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ് എന്നും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ